# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4038 24/06/2019-ൽ മറുപടിയ്ക്ക്

## പിറവം മണ്ഡലത്തിലെ പട്ടികവിഭാഗങ്ങൾക്കുള്ള പദ്ധതികൾ

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.അനൂപ് ജേക്കബ് :</td><td colspan="2">എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ 2018-19 സാമ്പത്തികവർഷത്തിലെ പ്ലാൻ ഫണ്ടിൽ നിന്നും പിറവം മണ്ഡലത്തിൽ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;</td><td rowspan="2">(എ) യും<br><br>(ബി) യും</td><td rowspan="2">2018-19 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പിറവം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം കുരുമല പട്ടികജാതി കോളനിയിലെ റോഡ് റീടാറിംഗിനായി 25 ലക്ഷം രൂപയുടെയും, കലയറ്റിക്കര പട്ടികജാതി കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണത്തിനായി 24.45 ലക്ഷം രൂപയുടെയും ഭരണാനുമതി ഉത്തരവ് നല്കിയിട്ടുണ്ട്. ഇതിൽ കുരുമല പട്ടികജാതി കോളനി പ്രവർത്തികളുടെ ടെണ്ടർ ചെയ്യിട്ടില്ല. കലയറ്റിക്കര പട്ടികജാതി കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br><br>2018-19 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പിറവം മണ്ഡലത്തിനായി അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 86 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു.<br>2. പിറവം മണ്ഡലത്തിലെ എടക്കാട്ടുവയൽ പഞ്ചായത്തിൽ ഭവന നിർമ്മാണം.<br>3. ടോയ് ലെറ്റ് നിർമ്മാണം.<br>4. കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക തീർക്കൽ</td></tr>
<tr><td>(ബി)</td><td>ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ നിലവിലെ സ് ഥിതി വ്യക്തമാക്കാമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>1. വൈദ്യുതി കുടിശ്ശിക തീർത്ത് കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.<br><br>2. ടോയ് ലെറ്റ് നിർമ്മാണം പുരോഗമിക്കുന്നു.<br><br>3. 2018-19 വർഷം ഭവനനിർമ്മാണത്തിനായി തുക അനുവദിച്ച 6 കുടുംബങ്ങളിൽ ഒരു കുടുംബത്തിന് ഒന്നാം ഘട്ടം പൂർത്തിയാക്കി മറ്റൊരു കുടുംബത്തിന് രണ്ടാം ഘട്ടവും നാല് കുടുംബത്തിന് മൂന്നാം ഘട്ടവും പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ